# ലോക എയ്ഡ്സ് ദിനം 2022

ലോകമെമ്പാടും 1988 മുതൽ ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിച്ചു വരുന്നു. എച്ച്.ഐ.വി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും, എച്ച്.ഐ.വി പ്രതിരോധത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായാണ് ഈ ദിനം ആയിരിക്കുന്നത്. എച്ച്.ഐ.വി അണുബാധ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

ലോകത്താകമാനം 3.8 കോടി എച്ച്.ഐ.വി ബാധിതർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. 2021 ൽ മാത്രം 1.5 million (15 ലക്ഷം )ആളുകളിൽ പുതുതായി എച്ച്.ഐ.വി അണുബാധ കണ്ടെത്തി. 6.5 ലക്ഷം ആളുകൾ 2021 ൽ എയ്ഡ്സ് മൂലം മരണപ്പെട്ടു. 2021 ൽ ഇന്ത്യയിൽ 24.01 ലക്ഷം ആളുകൾ എച്ച്.ഐ.വി ബാധിതരാണെന്ന് കണക്കാക്കപ്പെടുന്നു. 2021 ൽ ഇന്ത്യയിൽ 62000 ആളുകളിൽ പുതുതായി എച്ച്.ഐ.വി അണുബാധ കണ്ടെത്തി. 41000 ആളുകൾ ഇതേ വർഷം എയ്ഡ്സ് മൂലം നമ്മുടെ രാജ്യത്ത് മരണപ്പെട്ടു.

എച്ച്.ഐ.വി അണുബാധാ സാന്ദ്രത താരതമ്യേന കുറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. പ്രായപൂർത്തിയായവരിലെ എച്ച്.ഐ.വി സാന്ദ്രത ഇന്ത്യയിൽ 0.22 ആണെങ്കിൽ അത് കേരളത്തിൽ 0.06 ആണ്. എച്ച്.ഐ.വി സാന്ദ്രത കുറഞ്ഞ സംസ്ഥാനമാണെങ്കിലും തൊഴിലിനും, വിദ്യാഭ്യാസത്തിനുമായി മലയാളികൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും കുടിയേറുന്നതും, ഇതര സംസ്ഥാനത്തു നിന്നുള്ള ആളുകൾ വർദ്ധിച്ച തോതിൽ കേരളത്തിലേയ്ക്ക് കുടിയേറുന്നതും നമ്മുടെ എച്ച്.ഐ.വി വ്യാപന സാധ്യത വർദ്ധിപ്പിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം അനുസരിച്ച് 2030-ഓടുകൂടി പുതിയ എച്ച്.ഐ.വി അണുബാധ ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിലാണ് ലോകരാജ്യങ്ങൾ. കേരളമാകട്ടെ ഈ ലക്ഷ്യം 2025 ൽ കൈവരിക്കുന്നതിനായിട്ടുള്ള യജ്ഞം ആരംഭിച്ചു കഴിഞ്ഞു. ആന്ത്യത്തികമായ ഈ ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് 2025-ഓടുകൂടി 95:95:95 എന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആദ്യത്തെ 95 എന്നത് എച്ച്.ഐ.വി ബാധിതരായ ആളുകളിലെ 95% ആളുകളും അവരുടെ എച്ച്.ഐ.വി അവസ്ഥ തിരിച്ചറിയുക എന്നുള്ളതാണ്. അണുബാധിതരായിട്ടും അത് തിരിച്ചറിയാതെ ജീവിക്കുന്ന ആളുകൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. രണ്ടാമത്തെ 95 എന്നുള്ളത് എച്ച്.ഐ.വി അണുബാധിതരായി കണ്ടെത്തിയ ആളുകളിലെ 95% വും എ.ആർ.ടി ചികിത്സയ്ക്ക് വിധേയരാകുക എന്നതാണ്. ഇവരിലെ 95% ആളുകളിലും വൈറസ് നിയന്ത്രണ വിധേയമാക്കുക (viral load supression) എന്നതാണ് മൂന്നാമത്തെ 95 കൊണ്ട് ലക്ഷ്യമാക്കുന്നത്.

2020 ലെ കണക്കു പരിശോധിക്കുമ്പോൾ ഈ മേഖലയിൽ നാം കൈവരിച്ച നേട്ടം താഴെ പറയും പ്രകാരമാണ്.

| | ആദ്യത്തെ 95 | രണ്ടാമത്തെ 95 | മൂന്നാമത്തെ 95 |
|---|---|---|---|
| ആഗോളതലത്തിൽ | 85 | 88 | 92 |
| ഇന്ത്യ | 76 | 84 | 84 |
| കേരളം | 79 | 94 | 95 |

'Equalize' (**'ഒന്നായ് തുല്ല്യരായ് തടുത്തു നിർത്താം'**) എന്നതാണ് ഈ വർഷത്തെ ലോക എയ്ഡ്സ് ദിന സന്ദേശം. വർണ്ണ, വർഗ്ഗ, ലിംഗ അസമത്വങ്ങൾ ഇല്ലാതാക്കികൊണ്ടും, സാമൂഹികവും, സാമ്പത്തികവും, സാംസ്ക്കാരികവും, നിയമപരവുമായ സമത്വം ഉറപ്പാക്കികൊണ്ടും മാത്രമേ എച്ച്.ഐ.വി യെ പ്രതിരോധിക്കാനും പുതിയ എച്ച്.ഐ.വി അണുബാധ ഇല്ലാതാക്കാനും സാധിക്കൂ. എച്ച്.ഐ.വി നിയന്ത്രണം, അണുബാധിതരുടെ ചികിത്സ, പരിചരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാന ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ എച്ച്.ഐ.വി ബാധയുടെ തോത് കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ജ്യോതിസ് കേന്ദ്രങ്ങൾ (ഐ.സി.റ്റി.സി)</u>**

രക്തപരിശോധയയിലൂടെ മാത്രമേ എച്ച്.ഐ.വി അണുബാധ കണ്ടെത്താൻ സാധിക്കുകയുള്ളൂ. എച്ച്.ഐ.വി യ്ക്കെതിരായ പ്രതിവസ്തു (antibody) രക്തത്തിൽ ഉണ്ടോ എന്നാണ് പരിശോധിക്കുന്നത്. സാധാരണഗതിയിൽ ഈ പ്രതിവസ്തുവിന്റെ സാന്നിദ്ധ്യം കണ്ടെത്തുവാൻ മൂന്നുമാസം വരെ സമയമെടുക്കും. ഈ കാലയളവിനെ ജാലകവേള (window period) എന്നു പറയുന്നു. ആദ്യ പരിശോധയയിൽ എച്ച്.ഐ.വി അണുബാധ ഉണ്ട് എന്ന് കണ്ടെത്തുകയാണെങ്കിൽ രണ്ടു ടെസ്റ്റുകളും കൂടി ചെയ്തു നോക്കുകയും ഈ മൂന്ന് പരിശോധനകളുടെയും ഫലം പോസിറ്റീവ് ആണെങ്കിൽ ആ വ്യക്തി എച്ച്.ഐ.വി പോസിറ്റീവ് ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് 816 ജ്യോതിസ് കേന്ദ്രങ്ങൾ (ഐ.സി.റ്റി.സി) കൗൺസിലിംഗിനും പരിശോധനക്കുമായി പ്രവർത്തിക്കുന്നു. അതിൽ സർക്കാർ ആശുപത്രികളിൽ 148 എണ്ണം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും 494 എണ്ണം സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടിയും, 109 എണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 2 മൊബൈൽ ഐ.സി.ടി.സി കളും 64 സുരക്ഷ പ്രോജക്ടുകൾ വഴി community based screening ഉം നടത്തുന്നുണ്ട്. ഇവിടെ എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും സൗജന്യമായി നൽകുകയും പരിശോധന സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യും. എച്ച്.ഐ.വി അണുബാധയുണ്ടെന്നു കണ്ടെത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും വേണ്ടി എ.ആർ.ടി കേന്ദ്രങ്ങളിലേക്ക് അയക്കും.

**<u>ഉഷസ് കേന്ദ്രങ്ങൾ (എ.ആർ.ടി)</u>**

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പാലക്കാട്, കണ്ണൂർ, കൊല്ലം ജില്ലാ ആശുപത്രികളിലും മാനന്തവാടി, കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലുമായി 15 ഉഷസ് കേന്ദ്രങ്ങൾ (എ.ആർ.ടി) പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പത്തനംതിട്ട, മലപ്പുറത്തെ തിരൂർ, ,കാഞ്ഞങ്ങാട് ഇടുക്കിയിലെ പീരിമേട് തുടങ്ങിയ ജില്ലാ/ജനറൽ ആശുപത്രികളിലും നെയ്യാറ്റിൻകര,പുനലൂർ താലൂക്ക് ആശുപത്രികളിലും, അട്ടപ്പാടി ട്രൈബൽ ആശുപത്രിയിലും ലിങ്ക് എ.ആർ.ടി സെന്ററുകളായി ഉഷസ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2022, ജൂണിലെ

കണക്കനുസരിച്ച് 26564 എച്ച്.ഐ.വി അണുബാധിതരാണ് ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ എ.ആർ.ടി ചികിത്സയിലുള്ളത് 15483 പേരാണ്.

| ക്രമ നം | ഉഷസ് കേന്ദ്രങ്ങളുടെ പേര് |
|---|---|
| 1 | തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രി |
| 2 | കൊല്ലം ജില്ലാശുപത്രി |
| 3 | ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രി |
| 4 | കോട്ടയം മെഡിക്കൽകോളേജ് ആശുപത്രി |
| 5 | എറണാകുളം ജനറൽ ആശുപത്രി |
| 6 | തൃശ്ശൂർ മെഡിക്കൽകോളേജ് ആശുപത്രി |
| 7 | പാലക്കാട് മെഡിക്കൽകോളേജ് ആശുപത്രി |
| 8 | കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രി |
| 9 | കണ്ണൂർ മെഡിക്കൽകോളേജ് ആശുപത്രി |
| 10 | കാസർഗോഡ് ജനറൽ ആശുപത്രി |
| 11 | എറണാകുളം മെഡിക്കൽകോളേജ് ആശുപത്രി, കളമശ്ശേരി |
| 12 | പരിയാരം മെഡിക്കൽകോളേജ് ആശുപത്രി, കണ്ണൂർ |
| 13 | മാനന്തവാടി ജനറൽ ആശുപത്രി, വയനാട് |
| 14 | മഞ്ചേരി മെഡിക്കൽകോളേജ് ആശുപത്രി, മലപ്പുറം |
| 15 | ഇടുക്കി മെഡിക്കൽകോളേജ് ആശുപത്രി |

**<u>കെയർ സപ്പോർട്ട് കേന്ദ്രങ്ങൾ (സി.എസ്.സി)</u>**

എ.ആർ.ടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്ക് ആവശ്യമായ തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് അണുബാധിതരുടെ കൂട്ടായ്മകളിലൂടെ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ഏഴു ജില്ലകളിൽ കെയർ സപ്പോർട്ട് കേന്ദ്രങ്ങൾ (സി.എസ്.സി) 2021 ഒക്ടോബർ 1 മുതൽ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശത്തോടു കൂടി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു.

**<u>പുലരി കേന്ദ്രങ്ങൾ (എസ്.റ്റി.ഐ)</u>**

പുലരി കേന്ദ്രത്തിലൂടെ (എസ്.റ്റി.ഐ) ലൈംഗികജന്യ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും, പരിയാരം കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിലുമായി 23 പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**ലക്ഷ്യാധിഷ്ഠിത ഇടപെടൽ കേന്ദ്രങ്ങൾ (ടി.ഐ)**

കേരളത്തിലെ 14 ജില്ലകളിലായി എച്ച്.ഐ.വി അണുബാധാ സാധ്യത കൂടുതലുള്ള ലക്ഷ്യ വിഭാഗങ്ങൾക്കിടയിൽ എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 64 സുരക്ഷാ പദ്ധതികൾ (ടി.ഐ) പ്രവർത്തിച്ചു വരുന്നു. ലക്ഷ്യ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ, സ്ത്രീലൈംഗിക തൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കു മരുന്നു കുത്തിവയ്ക്കുന്നവർ, ട്രാൻസ്ജെൻഡർ, അതിഥിതൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർ എന്നിവരാണ്. Community Based Organisations, സന്നദ്ധസംഘടനകൾ/സമൂഹാധിഷ്ഠിത സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നത്. സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, മയക്ക് മരുന്ന് കുത്തിവയ്പ്പിലൂടെ സ്വീകരിക്കുന്നവരുടെ ഇടയിൽ കുത്തിവയ്പുകൾ എന്നിവയിലൂടെ വരാൻ സാധ്യതയുള്ള അണുബാധകൾ തടയുന്നതിനായി ഉറകളുടെയും (ക്വാണ്ടം), സൂചി, സിറിഞ്ച് എന്നിവയുടെയും വിതരണം പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. മയക്കുമരുന്ന് കുത്തിവയ്ക്കുന്നവരിൽ അപകട സാധ്യത കുറയ്ക്കുന്നതിനും ആസക്തി ചികിത്സിക്കുന്നതിനും അനുയോജ്യമായ Opioid Substitution Therapy (OST) 11 കേന്ദ്രങ്ങൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബുകൾ നടത്തിവരുന്നത്.

പഞ്ചായത്തുകളുടെ സഹായത്തോടെ എച്ച്.ഐ.വി ബാധിതർക്കായി പോഷകാഹാര വിതരണ പദ്ധതി, സർക്കാർ സഹായത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, സൗജന്യ ചികിത്സയും പരിശോധനകളും, സൗജന്യ പാപ്സ്മിയർ (ഗർഭാശയ ക്യാൻസർ) പരിശോധന, ''സ്നേഹപൂർവ്വം'' വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ ആശുപത്രികളിൽ പരിചരണം ആവശ്യമായ നിരാലംബരായ എച്ച്.ഐ.വി അണുബാധിതർക്ക് കൂട്ടിരിക്കുന്നതിനായി സഹായിയെ നൽകുന്നതിനുള്ള ട്രീറ്റ്മെന്റ് കെയർ ടീം രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ എച്ച്.ഐ.വി അണുബാധിതരെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പുതിയ എച്ച്.ഐ.വി അണുബാധിതരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നത് നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. എങ്കിലും നിലവിൽ ഒരു മാസം ശരാശരി 100 പുതിയ എച്ച്.ഐ.വി ബാധിതർ ഉണ്ടാകുന്നു എന്നുള്ളത് ആശങ്കയുളവാക്കുന്നു.

അതിനാൽ സമഗ്രമായ പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണ അവകാശം ഉറപ്പാക്കിക്കൊണ്ട് എച്ച്.ഐ.വി അണുബാധ കേരളത്തിൽ നിന്നു തന്നെ തുടച്ചു നീക്കുന്നതിനും, അണുബാധിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ചു നീങ്ങേണ്ടത് അത്യാവശ്യമാണ്.

| 2005 മുതൽ 2022 സെപ്തംബർ വരെയുള്ള കണക്കുകൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| | പരിശോധിച്ചവർ | | | | പോസിറ്റീവ് ആയവർ | | | |
| | പുരുഷൻമാർ | സ്ത്രീകൾ | ട്രാൻസ് ജെൻഡർ | ആകെ | പുരുഷൻമാർ | സ്ത്രീകൾ | ട്രാൻസ് ജെൻഡർ | ആകെ |
| **2005** | 8094 | 22502 | 0 | **30596** | 1476 | 1151 | 0 | **2627** |
| **2006** | 17425 | 71312 | 0 | **88737** | 1858 | 1490 | 0 | **3348** |
| **2007** | 39609 | 113286 | 0 | **152895** | 2247 | 1725 | 0 | **3972** |
| **2008** | 44009 | 137303 | 0 | **181312** | 1652 | 1096 | 0 | **2748** |
| **2009** | 72127 | 167886 | 0 | **240013** | 1540 | 1052 | 0 | **2592** |
| **2010** | 105213 | 202961 | 0 | **308174** | 1402 | 940 | 0 | **2342** |
| **2011** | 138787 | 253983 | 0 | **392770** | 1314 | 846 | 0 | **2160** |
| **2012** | 166361 | 270196 | 0 | **436557** | 1135 | 774 | 0 | **1909** |
| **2013** | 175442 | 284102 | 0 | **459544** | 1136 | 604 | 0 | **1740** |
| **2014** | 200821 | 311180 | 0 | **512001** | 1066 | 684 | 0 | **1750** |
| **2015** | 205533 | 269881 | 0 | **475414** | 951 | 543 | 0 | **1494** |
| **2016** | 253113 | 410884 | 0 | **663997** | 922 | 516 | 0 | **1438** |
| **2017** | 268525 | 419020 | 0 | **687545** | 813 | 486 | 0 | **1299** |
| **2018** | 298106 | 620346 | 0 | **918452** | 785 | 435 | 0 | **1220** |
| **2019** | 394642 | 798104 | 4017 | **119673** | 794 | 412 | 5 | **1211** |
| **2020** | 258516 | 631186 | 3681 | **893383** | 535 | 302 | 3 | **840** |
| **2021** | 300714 | 701502 | 4697 | **1006913** | 600 | 260 | 6 | **866** |
| **Up to Sep2022** | 306618 | 622507 | 3240 | **932365** | 590 | 242 | 3 | **835** |